## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 701** **05-10-2021 - ൽ മറുപടിയ്ക്ക്**

## കോ ഓപ്പറേറ്റിവ് അർബൻ ബാങ്കിലെ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഗുരുവായൂർ സഹകരണ അർബൻ ബാങ്കിൽ 25.11.2017-ൽ നടത്തിയ നിയമനങ്ങളിൽ 6 അപ്രൈസർ, 5 പ്യൂൺ തസ്തികകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ 53/13 നമ്പർ സർക്കുലർ നിർദ്ദേശങ്ങളുടെ ലംഘനം ഉണ്ടായി എന്നും നടപടിക്രമങ്ങളിൽ അസാധാരണ തിടുക്കം കാണപ്പെട്ടു എന്നും കണ്ടതിനാൽ ടി വിഷയത്തിൽ സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള അന്വേഷണം നടത്തിയിരുന്നു. ആയത് പ്രകാരം അധിക തസ്തികകളിൽ നിയമനം നടന്നിട്ടുണ്ടെന്നും ക്ലാസ്സിഫിക്കേഷൻ യഥാസമയം നടത്തിയിട്ടില്ലെന്നും ക്ലാസ്സ് I സ്പെഷ്യൽ ഗ്രേഡിന്റെ ആനുകൂല്യങ്ങൾ അനർഹമായി കൈപ്പറ്റി വരുന്നു എന്നും കണ്ടെത്തിയിരുന്നു. 04.02.2019-ൽ 68(1) അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചു. WP(C)9713/19 പ്രകാരം 08.04.2019-ൽ ഹൈക്കോടതി അന്വേഷണ നടപടികൾ സ്റ്റേ ചെയ്തിട്ടുണ്ട്. |
| (ബി) | ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതിയുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ? | (ബി) | ബാങ്കിന്റെ ഷോപ്പിങ്ങ് കോംപ്ലക്സിന്റെ ഒരു മുറിയുടെ മാത്രം വാടക ഇനത്തിൽ 24 ലക്ഷം രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട് എന്നും ആയതിൽ ഭരണസമിതി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലയെന്നും അനുമതിയില്ലാതെ ബാങ്ക് കെട്ടിടം അറ്റകുറ്റ പണി നടത്തി എന്നും ബാങ്ക് നിയമാവലി തിരുത്തി എന്നുള്ളതും സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിലുള്ള വിശദപരിശോധന നടത്തി സഹകരണ നിയമം വകുപ്പ് 66(2) പ്രകാരമുള്ള അന്വേഷണത്തിന് തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ 14.09.2020 തീയതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും വിശദ അന്വേഷണം പൂർത്തീകരിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരം കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതും |

| | | | |
|---|---|---|---|
| | | | നടപടി പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ